# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5975 19/11/2019-ൽ മറുപടിക്ക്

## ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിലെ കാലതാമസം

| | ചോദ്യം<br><br>**ശ്രീ.അബ്ദുൽ ഹമീദ് പി.** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ദേശീയപാതകൾ, ഗ്രാമീണ റോഡുകൾ, പൊതുമരാമത്ത് റോഡുകൾ എന്നിവയുടെ വികസനത്തിനും മറ്റും കെ.എസ്.ഇ.ബി. ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് കത്ത് നൽകിയാൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; | (എ) | നേരിയ കാലതാമസം ഉണ്ടാകുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭാവിയിൽ കാലതാമസം ഉണ്ടാകാതിരിക്കുവാൻ ഫീൽഡ് ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ദേശീയപാതയിൽ ഇടിമുഴിക്കൽ മുതൽ സ്പിന്നിംഗ് മിൽ വരെ വീതി കൂട്ടി ടാർ ചെയ്യുന്നതിന് മുമ്പായി ഇടിമുഴിക്കൽ മുതൽ സ്പിന്നിംഗ് മിൽ വരെയുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിന് എസ്റ്റിമേറ്റ് ലഭിക്കുന്നതിനുവേണ്ടി കോഴിക്കോട് രാമനാട്ടുകര സെക്ഷനിലെ ദേശീയപാത വിഭാഗം നൽകിയ കത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കുമോ? | (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. രാമനാട്ടുകര സെക്ഷനിൽ നിന്നും 6.11.2019 ൽ ഇടിമുഴിക്കൽ മുതൽ സ്പിന്നിങ്മിൽ വരെയുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനു, ദേശീയ പാത അതോറിറ്റിയ്ക്ക് 76751 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്. ടി തുക അടയ്ക്കുന്ന മുറയ്ക്ക് ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ